# തിരുവാൽ യു പി സ്‌കൂൾ

## പി ഒ ഏലാങ്കോട് പാനൂർ



## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26

# സ്കൂൾ ഫാക്കൽറ്റി

ഹെഡ്മിസ്ട്രസ് : ബിന്ദു പി പി

മാനേജർ : അബ്ദുൾ റഹീഖ്

അദ്ധ്യാപകർ

നാസർ യു കെ

ഷീജ ഇ വി

അബ്ദുൽ ഹാദി

നസിയത്ത് പി എൻ

ഹഫ്സത്ത് ടി

ഷഹീന പി

മർവ മഹമൂദ്

റിയ പ്രേമൻ

തസ്ലീ ന കെ കെ

സമീറ പി കെ

അഫ്നസ് പി വി

റഷീദ് എ

ഹാജറ എം.കെ

സഹല കെ പി

ആഷിറ സി എച്ച്

നൂറ കെ

# ആമുഖം

## പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും സമഗ്ര ഗുണമേൻമവിദ്യാഭ്യാസത്തിന്റെയും ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനം ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളേയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന തിരുവാൽ യു പി സ്കൂൾ പാനൂർ സജീവമായ പി.ടി.എ, എം.ടി.എ, അധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിൻറെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

**പി.ടി.എ. പ്രസിഡണ്ട്** | **ഹെഡ്മിസ്ട്രസ്**

# അവസ്ഥാവിശേഷം

തിരുവാൽ യു. പി. സ്കൂളിന് ഒന്നരനൂറ്റാണ്ടിലേറെ ചരിത്ര പാരമ്പര്യമുണ്ട്. 1953-54 അധ്യയനവർഷത്തിൽ 14 ഡിവിഷനുള്ള ഒരു വിദ്യാലയമായിരുന്നു. പിന്നീടുള്ള വർഷങ്ങളിലും വിവിധ പ്രദേശങ്ങളിൽ നിന്നും ഈ വിദ്യാലയത്തിൽ കുട്ടികൾ ചേർന്ന് പഠിച്ചിരുന്നു. 2012-13 വർഷത്തിൽ ഈ വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വന്നു. മദിരാശി സർക്കാറിന്റെ കാലത്ത് നിർമ്മിച്ച പഴയ കെട്ടിടമായിരുന്നു 2020-21 വരെ നിലനിന്നിരുന്നത്. പഴയ ജീർണിച്ച കെട്ടിടമായതുകൊണ്ടു തന്നെ കുട്ടികളെ ഈ വിദ്യാലയത്തിൽ ചേർത്ത് പഠിപ്പിക്കാൻ പ്രദേശ വാസികൾ തയ്യാറായിരുന്നില്ല. എന്നാൽ ഇന്ന് ഈ പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അക്കാദമിക നിലവാരം മെച്ചപ്പെടുത്താനുള്ള തീവ്രമായ പരിശ്രമത്തിലാണ് അധ്യാപകർ. പി ടി എ യും മാനേജ്മെന്റും പൂർണ പിന്തുണയോടെ കൂടെയുണ്ട്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | തിരുവാൽ യുപി സ്കൂൾ |
| മേൽവിലാസം | : | എലാങ്കോട് പാനൂർ കണ്ണൂർ |
| ഫോൺ | : | 9495561605 |
| സ്കൂൾ കോഡ് | : | 14566 |
| വിദ്യാഭ്യാസ ഉപജില്ല | : | പാനൂർ |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| റവന്യൂ ജില്ല | : | കണ്ണൂർ |
| ബി.ആർ.സി. | : | പാനൂർ |
| സി.ആർ.സി. | : | പാനൂർ |
| മുൻസിപ്പാലിറ്റി | : | പാനൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | പാനൂര് |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| നിയമസഭാമണ്ഡലം | : | കൂത്തുപറമ്പ് |
| ലോകസഭാമണ്ഡലം | : | വടകര |
| താലൂക്ക് | : | തലശ്ശേരി |
| വില്ലേജ് | : | പാനൂർ |
| ഇ-മെയിൽ വിലാസം | : | thiruvalupspanoor@gmail.com |
| Facebook | : | thiruval up |
| Youtube | : | thiruvalups |
| സ്കൂൾ വിക്കി | : | Thiruvalupschool |

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ഉപയോഗിക്കുന്നതിന് അധ്യാപകരെ കുട്ടികൾക്ക് ഉറപ്പുവരുത്തും. കൂടുതൽ ശാക്തീകരിക്കും. ഫലപ്രദമായി ക്ലാസ്സ്മുറികളിൽ അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

**അക്കാദമിക് മോണിറ്ററിംഗ്** (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

പ്രവർത്തന ഘട്ടങ്ങൾ:

➢ **തീയതി നിശ്ചയിച്ച സന്ദർശനം:**

- ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. HELP 2025 ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.

- **മോണിറ്ററിംഗ് ഉപാധികൾ:**

  - UNIT WISE MONITORING FORMAT: ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
  - PORTFOLIO EVIDENCE: കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ
  - NOTEBOOK ENTRY CHECKLIST: ക്ലാസ്സിലെ റിവ്യു, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
  - OBSERVATION TOOL: കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്

**ഉദ്യോഗസ്ഥരുടെ ചുമതലകൾ:**

**SCERT,IDIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.

**DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.

**DDE, DEO, AEO:** സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും

.**DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.

വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.

പ്രതിവാര അവലോകനം:

**സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം,എന്നിവയുടെ റിപ്പോർട്ട്.**

വിലയിരുത്തൽ:

- HELP 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ (Formative Assessment) എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമം ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ വികാസപരമായ വിലയിരുത്തൽ. KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള ക്രിയാത്മകവളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക

# അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| 1 .അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവിന്റ്യ അധ്യാപക സമൂഹം'<br>2 ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിടസമുച്ചയം.<br>3 ലൈബ്രറി സൗകര്യം<br>4 ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു. കലാപഠനം പ്രവർത്തി പരിചയ പഠനം കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.<br>5 പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പാനൂർ ഉപജില്ല മുൻകൈയെടുത്ത് നടത്തിവരുന്ന റീ ടീച്ച് പദ്ധതിയിലൂടെ അധ്യാപകരും രക്ഷിതാക്കളും ഒരുമിച്ച് ചേർന്ന് കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു<br>6 സർഗാത്മക വേദികൾ ആശയപ്രകടന വേദികൾ ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം<br>7 പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടപ്പാക്കുന്നു<br>8 കാർഷിക പ്രവർത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യുന്നു<br>9 വായനക്ക് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി റെഡി റീഡിങ് എന്ന പദ്ധതി നടപ്പാക്കുന്നു.<br>10 മത്സര പരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടുന്നു അതിനുള്ള പ്രവർത്തനങ്ങൾ നടക്കു | 1 മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br>2 മികച്ച ലാബ് ലൈബ്രറി സംവിധാനങ്ങൾഇതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല<br>3 ഐ ടി പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾ ഒരുക്കാൻ ആയിട്ടില്ല എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>4 കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട് 30% കുട്ടികളെങ്കിലും പിന്നോക്കരാണ്<br>5 ഐ ഇ ഡി കുട്ടികളുടെ പഠന പിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട് |

**പ്രവൃത്തി പരിചയം**

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2 പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പ ന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

**കലാപരിശീലനം**

1.കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.

2. കലാഭിരുചി വളർത്തുക.

3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസര മൊരുക്കുക.

4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3. ആരോഗ്യ ശീലങ്ങൾ വളർത്തുക.

4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ് തരാക്കുക.

2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

**പരിസര പഠനം**

1 ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.

3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5.ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

**സാമൂഹികാവബോധം**

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

**ഗണിതം**

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യ തകൾ ഉപയോഗപ്പെടുത്തുക.

3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം

## ഉറുദു

1എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക

2കരിക്കുലം ലക്ഷ്യം വെക്കുന്ന ഉറുദുഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.

3 വിദ്യാഭ്യാസ വിഭാഗം ചെയ്യുന്ന മൂല്യ മനോഭാവങ്ങൾ ഭാഷാ പഠനം നേട്ടങ്ങളിലൂടെ ഉറപ്പുവരുത്തുക 4വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക

## ഹിന്ദി

1.എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക

2.കരിക്കുലം ലക്ഷം വെക്കുന്ന ഹിന്ദി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വികസിപ്പിക്കാനുള്ള കഴിവ് കുട്ടികൾ സൃഷ്ടിക്കുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ' | അക്ഷരം സ്വരചിഹ്നം ഉറപ്പിക്കാൻ<br>ചിത്രം നോക്കി കഥ പറയൽ<br>പിന്നോക്കാർക്ക് പ്രത്യേക ക്ലാസ്സ്<br>കഥാപുസ്തക വായന<br>കഥ കവിത ക്യാമ്പ് | ജൂൺ മുതൽ സെപ്റ്റംബർ വരെ | ക്ലാസ് ടീച്ചർ | 2000 |
| 2 | .കുട്ടിയെ മികച്ച വായനക്കാരനാക്കുക | എല്ലാ ക്ലാസിലും ക്ലാസിലൈബ്രറിൽ ലഭ്യമാക്കുന്നു പിറന്നാൾ പുസ്തകം പരിപാടിയുടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>സ്കൂൾ ലൈബ്രറി കമ്മിറ്റി | 5000 |
| 3 | അക്ഷരക്കൂട്ടം (വായന കോർണർ ) മികച്ച വായന ശീലം വളർത്തുക റീഡേഴ്'സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായന കോർണർ ഒരുക്കുന്നു<br>ക്ലാസ് റൂം പ്രക്രിയകളിൽ ഇതിൻെറ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി & പിടിഎ | 10000 |
| 4 | .ക്ലാസ് ലൈബ്രറി വിപുലീകരണം സ്കൂൾ ലൈബ്രറി മികച്ച വായനാശീലം വളർത്തുക | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ വായന കാർഡ്)<br>വായനക്കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ദീർഘകാലം | സ്കൂൾ ലൈബ്രറി കമ്മിറ്റി & പിടിഎ പ്രാദേശിക ക്ലബ്ബുകൾ | 10000 |
| 5 | എൻെറ വായനാക്കുറിപ്പുകൾ എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി | ലൈബ്രറി നവീകരണം ലൈബ്രറി ഹാൾ സജ്ജമാക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| | വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | | | | 4000 |
| 6 | വായന സാഹിത്യ അഭിരുചി പരിപോഷിപ്പിക്കൽ 6.കുട്ടിയെ മികച്ച ഭാഷാ നൈപുണിയുള്ളവ നാക്കുക റീഡേഴ്സ് തിയേറ്റർ വായനാതാൽപര്യവും അഭിനയവും വഴി വെട്ടിത്തെ വികസനവും ആണ് പ്രധാന ലക്ഷ്യം | പാനൂർ ഉപജില്ലയിലെ aeo മുൻകൈയെടുത്ത് നേരിട്ട് നടത്തുന്ന റീ ടീച്ച് പ്രവർത്തനത്തിലൂടെ അവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | റീ ടീച്ച് കോഡിനേറ്റർ | |
| 7 | ആശയവിനിമയ ശേഷി കൈവരിക്കാൻ | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു കഥാനായകർ സംഭാഷണ ശൈലി ശബ്ദ വ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

# രാസ ലഹരി മൊബൈൽ അഡിക്ഷൻ

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക | ബോധവൽക്കരണ ക്ലാസുകൾ വീഡിയോകളുടെ പ്രദർശനം ഉപദേശക സംവാദങ്ങൾ പോസ്റ്റർ നിർമ്മാണം കടപ്പാട് പ്രകടനങ്ങൾ എന്നിവ വഴി കുട്ടികളിൽ | അധ്യായന തുടക്കത്തിൽ | ആരോഗ്യവകുപ്പ് പോലീസ്,SITC | 2500 |

# ഇംഗ്ലീഷ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷ് അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ്ബ് | |
| | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകാൻ ഇംഗ്ലീഷ് ബുള്ളറ്റ് (മൂന്ന് മുതൽ ഏഴ് ക്ലാസ് വരെ) | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റ് ഒരുക്കുന്നു<br>ജൂൺ-പരിസ്ഥിതി<br>ജൂലൈ-ചന്ദ്രൻ<br>ഓഗസ്റ്റ്-സ്വാതന്ത്ര്യ ദിനം<br>സെപ്റ്റംബർ-ഓണം<br>ഒക്ടോബർ-ഗാന്ധിജി<br>നവംബർ-കേരളം<br>ഡിസംബർ-ക്രിസ്തുമസ്<br>ജനുവരി-ന്യൂ ഇയർ | ജൂൺ മുതൽ മാർച്ച് വരെ<br>ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് ക്ലബ്ബ് & എസ് ആർ ജി | 2500 |
| | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | റീഡിംങ് കാർഡ് വർക്ക് ഷോപ്പ്<br>രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | | 3000 |
| | മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ നേടുക | അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു അധ്യാപകരുടെ നേതൃത്വത്തിൽ | ദീർഘകാലം | ഇംഗ്ലീഷ് ടീച്ചർ | |
| | ഇംഗ്ലീഷ് ന്യൂസ് റീഡിങ് | ഉച്ചഭാഷിണിയിലൂടെ എല്ലാ ദിവസവും ഉച്ചയ്ക്ക് ഇംഗ്ലീഷ് ന്യൂസ് അവതരണം കുട്ടികൾ നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ്ബ് | |

# വിവിധ ഭാഷകൾ അറബിക്, ഉറുദു, ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 1 | അറബി ഉറുദു ഹിന്ദി ഭാഷകളിൽ അടിസ്ഥാനശേഷികൾ നേടിയെടുക്കുക | അടിസ്ഥാനശേഷി വികസനംഅറബി പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>ഉറുദു ഹിന്ദി യുപി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ നിർമ്മിക്കൽ<br>ഭാഷാ കളികൾ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ & ഭാഷാക്ലബ് | |
| 2 | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഉറുദു ഹിന്ദി പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിൽ ഉറപ്പുവരുത്തുക | വായനാമത്സരം<br>ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>വായന കുറിപ്പുകൾ<br>സ്കൂൾ അസംബ്ലി | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ | |
| 3 | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം | പതിപ്പുകളുടെ നിർമ്മാണം വായനക്കുറിപ്പ് ശേഖരണം ചുമർചിത്രങ്ങൾ പോസ്റ്ററുകൾ ഭാഷാ കളികൾ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ & ഭാഷാക്ലബ് | 2000 |

# ശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ശാസ്ത്ര പഠനോപകരണ ശില്പശാല ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ പിണങ്ങുംവിധം ശില്പശാലകൾ വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകർ | 5000 |
| 2 | ശാസ്ത്ര പഠന താൽപര്യം വളർത്തുക ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക (നാലാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക്) | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകർ | 15000 |
| 3 | ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | യുപി തലത്തിലുള്ള മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾക്ക് വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകർ | 8000 |
| 4 | ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താല്പര്യവും മനശാസ്ത്രപരമായ ഉത്സാഹം വളർത്തുക | ക്ലാസ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാക്കുക | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ശാസ്ത്രാധ്യാപകർ | |

# ഗണിതം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്ക് പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് തയ്യാറാക്കുക | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ | |
| 2 | അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായ ഇടപഴകാൻ സഹായകമായ തലത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | **maneger** | 15000 |
| | അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ | | ഗണിതാധ്യാപകർ | |
| 3 | യൂണിറ്റ് വിലയിരുത്തൽ ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കാൻ | ഓരോ യൂണിറ്റിന്റെയും അവസാന മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിതാധ്യാപകർ | |
| 4 | ഓരോ ക്ലാസിലും കരിക്കിലും വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്ന് ഉറപ്പാക്കാൻ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ ശിൽപ്പശാലകൾ | ജൂൺ മുതൽ ഓഗസ്റ്റ് വരെ | | |